# ക്രിസ്തുവിലുള്ള വാസം

## 1 യോഹന്നാൻ 2:5-6

"എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു."

എന്നാൽ ഒരുവൻ അവിടുത്തെ വചനം അനുസരിക്കുന്നുവെങ്കിൽ ദൈവസ്നേഹം അവനിൽ വാസ്തവമായി തികഞ്ഞിച്ചിരിക്കുന്നു. യേശുവിൽ വസിക്കുന്നുവെന്ന് അവകാശപ്പെടുന്ന ഒരുവൻ അവിടുന്നു നടന്നതുപോലെ നടക്കേണ്ടതാണ്; ഇങ്ങനെ ചെയ്താൽ നാം യേശുവിൽത്തന്നെ വസിക്കുന്നുവെന്നു നമുക്കറിയാം.

1 യോഹന്നാൻ അദ്ധ്യായം 2 തുടങ്ങുന്നതു തന്നെ ഒരു ഓർമ്മപ്പെടുത്തലോടു കൂടിയാണ്. നാം പാപം ചെയ്യാതിരിക്കേണ്ടതിന്നു വേണ്ടി ഇതു എഴുതുന്നു, ഒരാൾ പാപം ചെയ്യുന്നുവെങ്കിൽ നമുക്ക് ഒരു കാര്യസ്ഥൻ പിതാവിന്റെ അടുക്കൽ ഉണ്ട് എന്നു പറഞ്ഞ് കൊണ്ട് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെ യോഹന്നാൻ ഇവിടെ അവതരിപ്പിക്കുകയാണ്. അവിടുന്ന് നമ്മുടെയും സർവ്വലോകത്തിന്റെയും പാപപരിഹാര യാഗമാണെന്ന് യോഹന്നാൻ ഓർമ്മിപ്പിക്കുന്നു. പിന്നെ എന്തു കൊണ്ടാണ് നാം വീണ്ടും വീണ്ടും പാപം ചെയ്യുന്നത്? ഈ ഉറപ്പിന്മേലാണോ? എന്നാൽ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട് "കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊണ്ടിരിക്കുക എന്നോ?" അതുപോലെ തന്നെയാണ് ഇവിടെയും.

നാം പാപസംബന്ധമായി നമ്മെ തന്നെ മരിച്ച് ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റ് ഒരു പുതുജീവൻ പ്രാപിച്ചിട്ടില്ലാത്തതു കൊണ്ടാണ് നാം ഇന്നും പാപം ചെയ്തു കൊണ്ടിരിക്കുന്നത്. നാം ദൈവവചനത്തിന്റെ വിലയെ കാര്യമാക്കാതെ അതിനെ അവഗണിച്ച് നമ്മുടേതായ ലാഭേച്ഛയ്ക്ക് വേണ്ടി ഉപയോഗിക്കുന്നവരായി തീർന്നിരിക്കുന്നു. അവിടെയാണ് വാക്യം 5 ലൂടെ നമ്മെ യോഹന്നാൻ ഓർമ്മിപ്പിക്കുന്നത്, ഒരുവൻ അവിടുത്തെ വചനം അനുസരിക്കുന്നുവെങ്കിൽ ദൈവസ്നേഹം അവനിൽ വാസ്തവമായി തികഞ്ഞിച്ചിരിക്കുന്നു എന്ന്. വാസ്തവത്തിൽ നാം നമ്മെ തന്നെ ദൈവസ്നേഹം നമ്മിൽ തികഞ്ഞിരിക്കുന്നവരെന്ന് എണ്ണുവാൻ യോഗ്യരാണോ എന്ന് ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അതിനുള്ള എന്തെങ്കിലും ഒരു മേന്മ ഇന്നു നമുക്ക് നമ്മുടെ ജീവിതത്തിൽ പറയാനായിട്ടുണ്ടോ? ഇല്ല എന്നാണ് നമ്മുടെ ഉത്തരം എങ്കിൽ അദ്ധ്യായം

2 ന്റെ തന്നെ വാക്യം 4 ൽ ഇപ്രകാരം പറയുന്നു "അവിടുത്തെ അറിയുന്നു എന്നു പറയുകയും അവിടുന്നു കൽപ്പിക്കുന്ന കാര്യങ്ങൾ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാണ്; അവനിൽ സത്യമില്ല." അങ്ങനെയെങ്കിൽ ഒന്നു ചിന്തിച്ചുനോക്കിയാൽ പെരുങ്കള്ളന്മാർ എന്നു വിളിക്കപ്പെടുവാൻ നാം യോഗ്യരല്ലേ?

എന്നാൽ അവിടെയാണ് ദൈവം നമ്മോടുള്ള സ്നേഹം വെളിവാക്കുന്നത്. നാം പെരുങ്കള്ളന്മാരെന്നുള്ള വിളിക്കർഹരാണെങ്കിലും അതിൽ നിന്നെല്ലാം മോചിപ്പിച്ച് നമ്മെ നീതിയിൽ നടത്താൻ അവൻ മതിയായ ദൈവമാണ്. പക്ഷെ അവിടെ നാം നമ്മുടെ പാപങ്ങൾ ദൈവത്തോട് ഏറ്റു പറയുന്നെങ്കിൽ മാത്രം. യോഹന്നാൻ അതു ദൈവത്തിന്റെ വചനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

1 യോഹന്നാൻ 1:9 "നാം നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നുവെങ്കിലോ അവിടുന്ന് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് എല്ലാ അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും അത്രേ."

കുറിവാക്യത്തിന്റെ 2–ാം ഭാഗത്തേക്ക് പോകുമ്പോൾ, ദൈവവത്തിൽ വസിക്കുന്നതിനെ കുറിച്ച് പറഞ്ഞിരിക്കുന്നു. വാസ്തവത്തിൽ നാം ദൈവത്തിൽ വസിക്കുന്നവരാണോ? കാരണം അവനോടു കൂടെ വസിക്കുവാൻ നമുക്ക് സാധിക്കും, അവനെ വേണ്ട സമയത്തേക്ക് മാത്രം കൂടെ നിർത്തി ബാക്കിയുള്ള സമയം നമ്മുടേതായ ലോകത്ത് ജീവിക്കുക. എന്നാൽ അവനിൽ വസിക്കുക എന്നത് അൽപം പ്രയാസകരമായ കാര്യമാണ്.

എഫേസ്യർ 5:1–2 "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തിന്റെ അനുകാരികൾ ആകുവിൻ. ക്രിസ്തുവും നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി സൗരഭ്യമുള്ള വഴിപാടും യാഗവുമായി തന്നെത്തന്നെ ദൈവത്തിന് ഏൽപിച്ചുകൊടുത്തതു പോലെ സ്നേഹത്തിൽ നടപ്പിൻ."

പിതാവിന്റെ പ്രീതി കിട്ടിയിരിക്കുന്ന പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പാനാണ് പൗലോസ് നമ്മോട് ആഹ്വാനം ചെയ്യുന്നത്. നമുക്കറിയാം ഒരു പിതാവിന് തന്റെ മക്കളിൽ ചിലരോട് ഒരു പ്രത്യേക മമത കാണും. അവർക്ക് തിരിച്ച് പിതാവിനോടും. അങ്ങനെയുള്ള മക്കൾ സദാ പിതാവിന്റെ ഹിതം അറിഞ്ഞ് പെരുമാറിക്കൊണ്ടിരിക്കും. അതു പോലെതന്നെ, ഇവിടെയും സദാ ദൈവത്തിന്റെ ഹിതം അറിഞ്ഞ്, ജീവിതത്തിൽ അവനെ അനുകരിച്ച് തങ്ങളുടെ ജീവിതം മുന്നോട്ട് കൊണ്ടു പോകുന്നവരെ ആയിരിക്കും പിതാവാം ദൈവം തന്റെ പ്രിയമക്കൾ എന്നു വിളിക്കുന്നത്. അതിനാൽ പ്രിയരേ, നമ്മെ തന്നെ പാപസംബന്ധമായി മരിച്ചവരെന്നും ക്രിസ്തുവിനോടു

കൂടെ ഉയിർത്തെഴുന്നേറ്റവരെന്നും എണ്ണി ഒരു പുതിയ ജീവൻ പ്രാപിക്കാനായി ശ്രമിക്കണം. അതു എപ്രകാരം സാധ്യമാണെന്ന് പൗലോസ് നമ്മെ റോമർക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു.

റോമർ 12:1–2 "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസ്സദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപരാകതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ."

ആകയാൽ ദൈവത്തിന്റെ പ്രിയമക്കൾ എന്നുള്ള വിളിക്കു യോഗ്യരാവാൻ നമ്മെ തന്നെ മേൽപറഞ്ഞതുപോലെ ദൈവത്തിനു സമർപ്പിച്ച് ഒരു പുതിയ സൃഷ്ടിയായി തീർന്നുകൊണ്ട് ദൈവത്തിന്റെ വഴിയെ സഞ്ചരിക്കാം. അതിനു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

2 കൊരിന്ത്യർ 5:17

ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞു പോയി, പുതിയതു വന്നിരിക്കുന്നു.

റോമർ 8:1–2

അതുകൊണ്ട്, ഇപ്പോൾ ക്രിസ്തുവേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ക്രിസ്തുവേശുവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു സ്വാതന്ത്ര്യം നൽകിയിരിക്കുന്നു.

ബ്രദർ ബിനു ബേബി ആലപ്പുഴ 038